# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1527** **10.02.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷിയുടെ പ്രോത്സാഹനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

എ) പച്ചക്കറി കൃഷി വ്യാപനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയോടൊപ്പം സുരക്ഷിത ഭക്ഷണവും ലക്ഷ്യമാക്കി "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പേരിൽ ഒരു കർമ്മ പദ്ധതി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം കൊണ്ട് നടപ്പിലാക്കുന്നു. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ 12.12 ലക്ഷം മെട്രിക് ടൺ ആയിരുന്നു ഉല്പാദനം. ആയത് 2019-20 വർഷത്തിൽ 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം 15.08 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണംതുടങ്ങിയവ
- സൂക്ഷ്മജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറ നിർമ്മാണം
- "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം"
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം. -

ബി) ജീവനി പദ്ധതിയുടെ ഭാഗമായി ആറൻമുള നിയോജക മണ്ഡലത്തിൽ പച്ചക്കറി ഉത്പാദനത്തിനായി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ബി) ജീവനി പദ്ധതിയുടെ ഭാഗമായി ആറന്മുള നിയോജക മണ്ഡലത്തിലുൾപ്പെട്ട പന്തളം, പുല്ലാട്, ഇലന്തൂർ ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ജൈവകാർഷിക ഉത്പാദനോപാധികളും, പച്ചക്കറിവിത്തുകളും, പച്ചക്കറിതൈകളും, പോഷകതോട്ടങ്ങളുടെ നിർമ്മാണത്തിനുള്ള തൈകളും വിതരണം ചെയ്തു വരുന്നു. കൂടാതെ ജനപ്രതിനിധികളു ടേയും, അംഗീകൃത മാധ്യമ പ്രവർത്തകരു ടേയും വീട്ടുവളപ്പിൽ പോഷകത്തോട്ടം നടപ്പിലാക്കി വരുന്നു. പരമ്പരാഗത പച്ചക്കറികളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാൻ കാർഷിക കൂട്ടായ്മകൾ സംഘടിപ്പിച്ച് വിത്ത് കൈമാറ്റത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത്തല ക്യാമ്പയിനുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. കൃഷിയെക്കുറിച്ച് അവബോധം വളർത്തുവാൻ കൃഷി പാഠശാലകൾ നടപ്പിലാക്കി വരുന്നു. കാർഷിക കർമ്മസേന, ആത്മ കർഷക ഗ്രൂപ്പുകൾ, പച്ചക്കറി വികസന പദ്ധതിയിലെ കർഷക കൂട്ടായ്മകൾ, എന്നിവ മുഖേന ജൈവ ഉത്പ്പന്നങ്ങൾ സംഭരിക്കുന്നതിനും, വിതരണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണ്ണ് പരിശോധന ക്യാമ്പയിനുകൾ പഞ്ചായത്തുകൾ തോറും നടപ്പിലാക്കി വരുന്നു. ആറന്മുള നിയോജക മണ്ഡലത്തിൽ 2970

പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 64013 പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. 497 പോഷക തോട്ടങ്ങളിലെ കൃഷി ആരംഭിച്ചിട്ടുണ്ട്. 30 ഹെക്ടറിൽ പരമ്പരാഗത ഇനങ്ങൾ ഉപയോഗിച്ച് കൃഷി ആരംഭിച്ചു കഴിഞ്ഞു. 854 ബഹുവർഷ പച്ചക്കറി തൈകളുടെ അടുക്കളത്തോട്ടത്തിലേയ്ക്കായി വിതരണം, 332 മാതൃകാ തോട്ടങ്ങൾ എന്നിവ ആരംഭിച്ചു കഴിഞ്ഞു. 41 കൃഷി പാഠശാലകളും, 20 ക്യാമ്പയിനുകളും നടത്തുകയുണ്ടായി. 8 അംഗീകൃത മാധ്യമപ്രവർത്തകരുടെ വീട്ടുവളപ്പിൽ ബഹുവർഷ പച്ചക്കറി തൈകളും, സീസണൽ തൈകളും ഉപയോഗിച്ച് കൃഷി ആരംഭിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**